പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5129 | 23.03.2018 ന് മറുപടിയ്ക്ക്.

## പുതിയതായി ഐ.ടി.ഐ കൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ പുതിയതായി ഐ.ടി.ഐ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടോ; വിശദീകരിക്കാമോ | (എ) ഉണ്ട്; 2018-19 വർഷത്തെ ബഡ്ജറ്റിൽ മയ്യനാട് പുതിയ ഐ.ടി.ഐ സ്ഥാപിക്കുന്ന കാര്യം പരാമർശിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പുതിയതായി ഐ.ടി.ഐ സ്ഥാപിക്കുന്നതിന് എന്തെല്ലാം മുൻഗണനാക്രമങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദീകരിക്കാമോ;<br><br>(സി) നിലവിൽ വ്യവസായ പരിശീലന കേന്ദ്രങ്ങളില്ലാത്ത അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (ബി) & (സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് അനുയോജ്യവും, പര്യാപ്തവുമായ സ്ഥലം (ഡി.ജി.റ്റി നിബന്ധന പ്രകാരമുള്ള) സൗജന്യമായി ലഭ്യമാക്കുന്നതിനും ഐ.ടി.ഐ-യ്ക്ക് സ്ഥലം ലഭ്യമായി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് വരെ ഐ.ടി.ഐ താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വാടക രഹിതമായ കെട്ടിടം ലഭ്യമാക്കുന്നതിനും വിധേയമായാണ് വകുപ്പിൽ ഐ.ടി.ഐ അനുവദിക്കുന്നത്. കൂടാതെ ജലം, വൈദ്യുതി, ഗതാഗതം തുടങ്ങിയ ഭൗതിക സൗകര്യങ്ങളും പുതുതായി ഐ.ടി.ഐ സ്ഥാപിക്കുന്നതിന് പരിഗണിക്കുന്നതാണ്. നിലവിൽ വ്യവസായ പരിശീലന കേന്ദ്രങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് വകുപ്പ് സാധ്യതാ പഠനം നടത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ